# മദീനയുടെ ശ്രേഷ്ഠതയും സന്ദർശന മര്യാദകളും

[ Malayalam - മലയാളം - مليالم ]

﴿ فضل المدينة وآداب الزيارة ﴾


രചന: ഡോ: സുലൈമാന്‍ ബിന്‍ സ്വാലിഹ് അല്‍ ഗസന്‍

تأليف : د. سليمان صالح بن عبد العزيز الغصن

വിവര്‍ത്തനം: അബ്ദുറഹ്മാന്‍ മദീനി

ترجمة : عبد الرحمن مدينى



ഇസ്‌ലാമിക വകുപ്പ് മന്ത്രാലയം പ്രസിദ്ധീകരണ വിഭാഗം
റിയാദ്- സൗദി അറേബ്യ

وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية

Web edition by:
islamhouse.com

1431 – 2010

بسم الله الرحمن الرحيم

## ആമുഖം

മദീന എന്നത് പ്രവാചകന്റെ നഗരിയാണ്. അവിടുന്ന് പാലായനം ചെയ്തെത്തിയ ഗേഹവുമാണത്. 'ത്വാബത്ത്' എന്നും 'ത്വൈബത്' എന്നും അതിന് പേരുണ്ട്.

മദീനക്ക് ധാരാളം ശ്രേഷ്ഠതകളുണ്ട്. പ്രധാനപ്പെട്ടത് താഴെ പറയാം:

1. **മദീനയിൽ നിവസിക്കുന്നത് ഉത്തമം:**

( اَلْمَدِينَةُ خَيْرٌ لَهُمْ لَوْ كَانُوا يَعْلَمُونَ ) ( متفق عليه )

നബി(ﷺ) പറഞ്ഞു: അവർ മനസ്സിലാക്കുമെങ്കിൽ മദീനയാണ് അവർക്കേറ്റവും ഉത്തമം (ബുഖാരി, മുസ്‌ലിം)

2. **നീചന്മാരെയും കുഴപ്പക്കാരെയും അത് പുറന്തള്ളുന്നു:**

( اَلْمَدِينَةُ تَنْفِي النَّاسَ كَمَا يَنْفِي الْكِيرُ خَبَثَ الْحَدِيدِ )(متفق عليه)

നബി(ﷺ) പറഞ്ഞു: ഉലയിലെ തീ ഇരുമ്പിലെ മാലിന്യങ്ങൾ ഇല്ലാതാക്കുന്നത പോലെ മദീന ചിലരെ നീക്കിക്കളയുന്നു. (ബുഖാരി, മുസ്‌ലിം)

3. **ഈമാൻ മദീനയിൽ അഭയം തേടും:**

സത്യവിശ്വാസം മദീനയിലേക്ക് ഉൾവലിയുകയും അവിടെ കേന്ദ്രീകരിക്കുകയും ചെയ്യും. നബി(ﷺ) പറഞ്ഞു:

( إِنَّ الْإِيمَانَ لَيَأْرِزُ إِلَى الْمَدِينَةِ كَمَا تَأْرِزُ الْحَيَّةُ إِلَى جُحْرِهَا ) ( متفق عليه )

''പാമ്പ് അതിന്റെ മാളത്തിലേക്ക് ഉൾവലിയുന്നതുപോലെ തീർച്ചയായും ഈമാൻ മദീനയിൽ അഭയം തേടുന്നതാണ്.'' (ബുഖാരി, മുസ്‌ലിം)

അതിനാലാണ് ഓരോ വിശ്വാസിയുടേയും മനസ്സ് മദീനയിലേക്ക് ഉറ്റു നോക്കുന്നത്.

**4. പകർച്ചവ്യാധിയും ദജ്ജാലും മദീനയിൽ പ്രവേശിക്കില്ല:**

നബി(ﷺ) പറഞ്ഞു:

( عَلَى أَنْقَابِ الْمَدِينَةِ مَلَائِكَةٌ لَا يَدْخُلُهَا الطَّاعُونُ وَلَا الدَّجَّالُ ) ( متفق عليه )

‘മദീനയുടെ പ്രവേശനമാർഗങ്ങളിൽ മലക്കുകൾ നിലയുറപ്പിച്ചിരിക്കുന്നു. അതിനാൽ ദജ്ജാലോ പകർച്ചവ്യാധിയോ അവിടെ പ്രവേശിക്കില്ല. (ബുഖാരി, മുസ്ലിം)

**5. മദീനയുടെ ബർക്കത്ത്:**

നബി(ﷺ) ഇങ്ങനെ പ്രാർത്ഥിച്ചു:

( اَللَّهُمَّ اجْعَلْ بِالْمَدِينَةِ ضِعْفَيْ مَا جَعَلْتَ بِمَكَّةَ مِنَ الْبَرَكَةِ) ( متفق عليه )

അല്ലാഹുവേ മക്കയിൽ നീ നിശ്ചയിച്ചതിന്റെ ഇരട്ടിയായി മദീനയിലും നീ അനുഗ്രഹം ചൊരിയേണമേ. (ബുഖാരി, മുസ്ലിം)

**6. ക്ലേശങ്ങൾ സഹിക്കുന്നതിന്റെ പുണ്യം:**

നബി(ﷺ) പറഞ്ഞു:

(لَا يَصْبِرُ عَلَى لَأْوَائِهَا وَشِدَّتِهَا أَحَدٌ إِلَّا كُنْتُ لَهُ شَهِيدًا أَوْ شَفِيعًا يَوْمَ الْقِيَامَةِ) (مسلم)

മദീനയുടെ ക്ലേശങ്ങളും കഷ്ടതകളും സഹിക്കുന്നവർക്ക് വേണ്ടി അന്ത്യനാളിൽ ഞാൻ സാക്ഷിയോ ശുപാർശകനോ ആയിരിക്കും. (മുസ്ലിം)

**7. മദീന ഹറമാണ്:**

നബി(ﷺ) പറഞ്ഞു:

( اَلْمَدِينَةُ حَرَمٌ مَا بَيْنَ عَيْرٍ إِلَى ثَوْرٍ فَمَنْ أَحْدَثَ فِيهَا حَدَثًا، أَوْ آوَى مُحْدِثًا، فَعَلَيْهِ لَعْنَةُ اللهِ وَالْمَلَائِكَةِ وَالنَّاسِ أَجْمَعِينَ ) ( رواه مسلم )

ഈർ, ഥൗർ എന്നീ പർവ്വതങ്ങൾക്കിടയിലുള്ള മദീനയുടെ പ്രദേശങ്ങളെല്ലാം ഹറമാകുന്നു. അവിടെ വെച്ച് ആരെങ്കിലും അനാചാര

ങ്ങൾ ചെയ്യുകയോ അതു ചെയ്യുന്നവർക്ക് അഭയം നൽകുകയോ ചെയ്താൽ അവന്റെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടേയും മുഴുവൻ ജനങ്ങളുടേയും ശാപമുണ്ടായിരിക്കുന്നതാണ്. (മുസ്‌ലിം)

മദീനയുടെ പരിശുദ്ധി വിവരിക്കുന്ന ഹദീഥുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാം:

അവിടെയുള്ള ജീവികളെ വേട്ടയാടാനോ, വൃക്ഷങ്ങൾ മുറിക്കാനോ, യുദ്ധത്തിനായി ആയുധങ്ങൾ കയ്യിലെടുക്കാനോ, നിഷിദ്ധ കർമങ്ങൾ ചെയ്യാനോ, അതിന് സൗകര്യം ചെയ്യാനോ പാടില്ല.

**8. മദീനക്കാരെ ദ്രോഹിക്കുന്നവർക്ക് താക്കീത്:**

നബി(ﷺ) പറഞ്ഞു:

( لَا يُرِيدُ أَحَدٌ أَهْلَ الْمَدِينَةِ بِسُوءٍ إِلَّا أَذَابَهُ اللهُ فِي النَّارِ ذَوْبَ الرَّصَاصِ أَوْ ذَوْبَ الْمِلْحِ فِي الْمَاءِ ) ( مسلم )

മദീനാനിവാസികളെ ദ്രോഹിക്കാൻ ഉദ്ദേശിച്ചവനെ ഈയമോ ഉപ്പോ ഉരുക്കുന്നതു പോലെ അല്ലാഹു നരകത്തിലിട്ട് ഉരുക്കുന്നതാണ് (മുസ്‌ലിം)

**9. മസ്ജിദുന്നബവിയിലെ നമസ്കാരം ശ്രേഷ്ഠം:**

നബി(ﷺ) പറഞ്ഞു:

( صَلَاةٌ فِي مَسْجِدِي هَذَا أَفْضَلُ مِنْ أَلْفِ صَلَاةٍ فِيمَا سِوَاهُ إِلَّا الْمَسْجِدَ الْحَرَامَ) ( متفق عليه )

എന്റെ ഈ പള്ളിയിലെ ഒരു നമസ്കാരം മസ്ജിദുൽ ഹറാം ഒഴികെ മറ്റു പള്ളികളിൽ നമസ്കരിക്കുന്നതിനേക്കാൾ ആയിരം മടങ്ങ് ശ്രേഷ്ഠമായതാണ്. (ബുഖാരി, മുസ്‌ലിം)

**10. റൗളാശരീഫിന്റെ ബഹുമതി:**

നബി(ﷺ) പറഞ്ഞു:

( مَا بَيْنَ مِنْبَرِي وَبَيْتِي رَوْضَةٌ مِنْ رِيَاضِ الْجَنَّةِ ) ( مسلم )

എന്റെ മിമ്പറിന്റെയും വീടിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിലെ ഒരു തോപ്പാണ്. (ബുഖാരി, മുസ്‌ലിം)

**********

## മദീനയിലെ
## പ്രത്യേക സന്ദർശന സ്ഥലങ്ങൾ

മദീനയിൽ തീർത്ഥാടനം നടത്തുന്നതും സന്ദർശിക്കുന്നതും സുന്നത്തായ പ്രത്യേക സ്ഥലങ്ങൾ:

**1. മസ്ജിദുന്നബവി:**

മദീനാ സന്ദർശനത്തിന്റെയും അവിടേക്കുള്ള യാത്രയുടേയും പ്രധാന ലക്ഷ്യം അതാണ്. നബി(ﷺ) പറഞ്ഞു:

( لاَ تُشَدُّ الرِّحالُ إلاَّ إِلَى ثَلاَثَةِ مَساَجِدَ: الْمَسْجِدِ الْحَرَامِ، وَمَسْجِدِي هَـذاَ، وَالْمَسْجِدِ الْأَقْصَى ) ( متفق عليه )

മൂന്ന് പള്ളികളിലേക്കല്ലാതെ തീർത്ഥാടനം നടത്താവതല്ല. മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി, മസ്ജിദുൽ അഖ്സ്വാ എന്നിവയാണത്. (ബുഖാരി, മുസ്‌ലിം)

## മസ്ജിദുന്നബവി സന്ദർശന മര്യാദകൾ:

സന്ദർശകൻ മദീനാ പള്ളിയിൽ വലതുകാൽ മുന്തിച്ചു പ്രവേശിക്കുകയും നബി(ﷺ)യുടെ മേൽ സലാം പറയുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യുക:

( اَللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ )

(അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്ന് തരേണമേ) പിന്നീട് രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിക്കുക. പിന്നീട് നബി(ﷺ)യുടെ മേൽ സലാം പറയേണ്ടതിനായി ഖബ്റിന്നടുത്തേക്ക് പോവുക. ഖിബ്‌ലയെ പിന്നിലാക്കിയും ഖബ്റിന് അഭിമുഖമായും നിന്നു കൊണ്ട് ഇങ്ങനെ പറയുക.

( اَلسَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ. أَشْهَدُ أَنَّكَ قَدْ بَلَّغْتَ الرِّسَالَةَ، وَنَصَحْتَ الأُمَّةَ، وَجاَهَدْتَ فِي اللهِ حَقَّ جِهاَدِهِ )

(നബിയേ, അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹവും അങ്ങയുടെമേൽ വർഷിക്കട്ടെ, അല്ലാഹുവിന്റെ സന്ദേശം അവിടുന്ന് എത്തിച്ചു തന്നിട്ടുണ്ടെന്നും ഉമ്മത്തീങ്ങളെ ഉപദേശിച്ചിട്ടുണ്ടെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ശരിയായ ത്യാഗപരിശ്രമങ്ങൾ അവിടുന്ന് നിർവ്വഹിച്ചുവെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)

പിന്നീട് വലതുഭാഗത്തേക്ക് ഒരടി വെച്ച് ഇങ്ങനെ പറയുക:

( اَلسَّلاَمُ عَلَيْكَ ياَ أَباَ بَكْرٍ، يَا خَلِيفَةَ رَسُولِ اللهِ، رَضِيَ اللهُ عَنْكَ وَجَزَاكَ عَنْ أُمَّةِ مُحَمَّدٍ خَيْراً )

(റസൂലുല്ലാഹിയുടെ പിൻഗാമിയായ അബൂബക്കർ സ്വിദ്ദീഖേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു താങ്കളെ തൃപ്തിപ്പെടട്ടെ, മുഹമ്മദ് നബി(ﷺ)യുടെ ഉമ്മത്തികളുടെ കാര്യത്തിൽ മഹത്തായ പ്രതിഫലം അല്ലാഹു താങ്കൾക്ക് നൽകട്ടെ)

വീണ്ടും വലതുഭാഗത്തേക്ക് ഒരടി വെച്ച് ഇങ്ങനെ പറയുക:

( اَلسَّلاَمُ عَلَيْكَ ياَ عُمَرُ، رَضِيَ اللهُ عَنْكَ وَجَزَاكَ عَنْ أُمَّةِ مُحَمَّدٍ خَيْراً )

(വിശ്വാസികളുടെ നേതാവായ ഉമറേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു താങ്കളെ തൃപ്തിപ്പെടട്ടെ, മുഹമ്മദ് നബി(ﷺ)യുടെ ഉമ്മത്തികളുടെ കാര്യത്തിൽ മഹത്തായ പ്രതിഫലം അല്ലാഹു താങ്കൾക്ക് നൽകട്ടെ)

കൂടുതൽ ശബ്ദമുയർത്താതെയും ദീർഘനേരം അവിടെ നിൽക്കാതെയും സലാം പറയുന്ന മര്യാദകളെല്ലാം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മസ്ജിദുന്നബവിയിൽ കൂടുതൽ സമയം കഴിച്ച്കൂട്ടുക, ധാരാളമായി ദുആചെയ്യുക, മഗ്ഫിറത്തിനെ ചോദിക്കുക, ദിക്റ് ചൊല്ലുക, ഖുർആൻ പാരായണം ചെയ്യുക, വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുക തുടങ്ങിയ സൽകർമ്മങ്ങളനുഷ്ഠിക്കാൻ സന്ദർശകൻ സമയം ഉപയോഗപ്പെടുത്താൻ ശ്രമിക്കണം.

**2. ഖുബാ പള്ളി:**

നബി(ﷺ) എല്ലാ ശനിഴായാഴ്ചകളിലും കാൽ നടയായോ വാഹനപ്പുറത്തോ മസ്ജിദുൽ ഖുബായിൽ വന്നിരുന്നു.

അവിടുന്ന് ഇപ്രകാരം പറഞ്ഞിട്ടുമുണ്ട്:

( مَنْ خَرَجَ حَتَّى يَأْتِيَ هَذَا الْمَسْجِدَ - يَعْنِي مَسْجِدَ قُبَاءَ- فَصَلَّى فِيهِ كَانَ كَعَدْلِ عُمْـرَةٍ ) ( أحمد وغيره بسند صحيح )

'ആരെങ്കിലും ഈ പള്ളിയിൽ– മസ്ജിദുൽ ഖുബായിൽ– വരികയും അതിൽ നമസ്കരിക്കുകയുമാണെങ്കിൽ ഉംറക്കു സമാനമായ പ്രതിഫലം ലഭിക്കുന്നതാണ്'. (ഇമാം അഹ്മദ്)

**3. ബഖീഅ് ഖബർസ്ഥാനും ഉഹ്ദിലെ രക്ത സാക്ഷികളും:**

നബി(ﷺ) ബഖീഇൽ ചെന്ന് അവിടെ മറമാടപ്പെട്ട തന്റെ അനുചരന്മാരോട് സലാം പറയുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. (മുസ്ലിം)

''ഒരിക്കൽ പ്രവാചകൻ(ﷺ) ഉഹ്ദിലെ രക്ത സാക്ഷികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു''. (ബുഖാരി, മുസ്ലിം)

മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങളാണ് മദീനയിൽ സന്ദർശിക്കുന്നത് സുന്നത്തുള്ളത്. അതുകൂടാതെയുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ പ്രത്യേകം തെളിവുകളൊന്നുമില്ല. അതെല്ലാം ജനങ്ങൾ പിന്നീട് കൂട്ടിച്ചേർത്ത അനാചാരങ്ങളിൽ പെട്ടതുമാണ്. നബി(ﷺ) പറഞ്ഞു:

( مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ ) ( متفق عليه )

നമ്മുടെ ഈ മതകാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായി ചേർത്താൽ അത് തള്ളപ്പെടേണ്ടതാണ്. (ബുഖാരി,മുസ്ലിം)

മറ്റൊരു റിപ്പോർട്ടിലുള്ളത്:

( مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ ) ( مسلم )

നമ്മുടെ നിർദ്ദേശമില്ലാത്തത് ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ് (മുസ്ലിം)

മതത്തിൽ സുന്നത്താണെന്ന് തെളിഞ്ഞ കാര്യങ്ങളനുഷ്ഠിക്കാൻ സന്ദർശകൻ സമയം ചിലവഴിക്കുകയും നബി(ﷺ) പ്രോത്സാഹിപ്പിക്കാത്തതും സ്വഹാബിമാർ സന്ദർശിക്കാത്തതുമായ സ്ഥലങ്ങളിലേക്ക് പോകാൻ സമയം പാഴാക്കാതിരിക്കുകയുമാണ് ചെയ്യേണ്ടത്.

***********

## സന്ദർശകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നബി(ﷺ), തന്റെ ഉമ്മത്തീങ്ങൾ എവിടെ വെച്ചാണെങ്കിലും തനിക്ക് സ്വലാത്തിനും സലാമിനും വേണ്ടി പ്രാർത്ഥിക്കണമെന്ന് കൽപിക്കുകയും അതെല്ലാം തനിക്ക് എത്തിക്കപ്പെടുമെന്നും അതിന്നായി തന്റെ ഖബ്റിന്നരികിൽ പ്രത്യേകം വരണമെന്നില്ലെന്നും പറയുകയുണ്ടായി. നബി(ﷺ) പറഞ്ഞു:

( لَا تَتَّخِذُوا قَبْرِي عِيدًا، وَلَا تَجْعَلوا بُيوتَكُمْ قُبورًا، وَحَيْثُمَا كُنْتُمْ فَصَلُّوا عَلَيَّ؛ فَإِنَّ صَلَاتَكُمْ تَبْلُغُنِي) (أحمد)

എന്റെ ഖബറിടം നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. നിങ്ങളുടെ വീടുകൾ ഖബറിടവുമാക്കരുത്. നിങ്ങൾ എവിടെയാണെങ്കിലും എന്റെ മേൽ സ്വലാത്ത് ചൊല്ലുക.തീർച്ചയായും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിക്കപ്പെടുന്നതാണ്. (അഹ്മദ്).

അതിനാൽ നബി(ﷺ)യുടെ മേൽ സ്വലാത്തും സലാമും ചൊല്ലാൻ ഖബ്റിന്നരികിലേക്ക് യാത്രചെയ്യേണ്ടതില്ല. അപ്രകാരം തന്നെ മറ്റൊരാളെ ഏൽപ്പിക്കേണ്ടതുമില്ല. കാരണം, ഏതു സ്ഥലത്തു വെച്ചാണെങ്കിലും അത് എത്തിക്കാനുള്ള മലക്കുകളുണ്ട്. പ്രവാചക(ﷺ)ന്റെ ഖബ്റിന്നടുത്തേക്ക് യാത്ര പുറപ്പെടുന്നതിന്റെ ശ്രേഷ്ടത വിവരിക്കുന്ന ഹദീസുകളെല്ലാം ദുർബലങ്ങളാണ്.

അപ്രകാരം മസ്ജിദുന്നബവിയിൽ പ്രവേശിക്കുമ്പോഴെല്ലാം തന്നെ ഖബ്റിന്നരികിൽ ചെല്ലണമെന്നില്ല. അങ്ങനെ സ്വഹാബിമാരാരും ചെയ്തതായി രേഖയുമില്ല. പള്ളിയിൽ പ്രവേശിക്കുമ്പോഴും

നമസ്കാരത്തിലെ ഇരുത്തത്തിലുമെല്ലാം സലാം ചൊല്ലുന്നത് മലക്കുകൾ എത്തിച്ചു കൊടുക്കുന്നു. അതിന്നായി ഖബ്റിന്നരികിൽ എത്തേണ്ടതുമില്ല.

**2**. ചില വിവരദോഷികളും ബിദഈ കക്ഷികളും ചെയ്യുന്നത് പോലെ മസ്ജിദുന്നബവിയുടെ മതിലുകൾ, ചുമരുകൾ, മിമ്പർ, മിഹ്റാബ്, വാതിലുകൾ, തൂണുകൾ, വാതായനങ്ങൾ തുടങ്ങിയവ തൊട്ടു തടവുകയോ ചുംബിക്കുകയോ ചെയ്യുന്നത് സൂക്ഷിക്കുക. നബി (ﷺ)യുടെ ഖബ്റിനെ ത്വവാഫ് ചെയ്യാൻ ശ്രമിക്കുക, അവിടേക്ക് തിരിഞ്ഞ് പ്രാർത്ഥിക്കുക, ഇതും സൂക്ഷിക്കേണ്ടതാണ്. അപ്രകാരം തന്നെ നബി(ﷺ)യുടെ ഹഖ്-ജാഹ് കൊണ്ടുള്ള പ്രാർത്ഥനകൾ പോലെ ശറഇൽ സ്ഥിരപ്പെടാത്ത പ്രാർത്ഥനകളും. അതിനേക്കാൾ മോശവും ഗുരുതരവുമായതാണ് നബി(ﷺ)യോട് തന്നെ നേരിട്ട് ശഫാഅത്ത് തേടുന്നതും, അല്ലാഹുവിന്നല്ലാതെ കഴിയാത്ത: പാപങ്ങൾ പൊറുക്കുക, ബുദ്ധിമുട്ടുകൾ നീക്കുക, സ്വർഗപ്രവേശനവും നരകമോചനവും നൽകുക, രോഗശമനം, ശത്രുക്കൾക്കെതിരെ സഹായം, ഉപജീവനം, സന്താനലബ്ദി തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടി നബി(ﷺ)യോട് പ്രാർത്ഥിക്കുന്നത്. ഇതാകട്ടെ അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപമായ ശിർക്കാണുതാനും. അല്ലാഹു പറഞ്ഞു:

( إِنَّ اللّهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللّهِ فَقَدِ افْتَرَى إِثْمًا عَظِيمًا ) ( النساء : 48 )

'തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. (നിസാഅ്: 48)

( لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ ) ( الزمر: 65 )

'അല്ലാഹുവിന്ന് നീ പങ്കാളിയെ ചേർത്താൽ തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിത്തീരും' (സുമർ: 65)

നബി(ﷺ)യാകട്ടെ ശക്തമായ മുന്നറിയിപ്പ് നൽകുകയും അങ്ങനെ ചെയ്യുന്നവരെ ശപിക്കുകയും ചെയ്തിട്ടുണ്ട്:

( لَعْنَةُ اللهُ عَلَى الْيَهُودِ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ ) ( متفق عليه )
'തങ്ങളുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ ആരാധനാസ്ഥലങ്ങളാക്കി മാറ്റിയതിനാൽ യഹൂദ ക്രൈസ്തവരുടെ മേൽ അല്ലാഹുവിന്റെ ശാപം!' (ബുഖാരി, മുസ്‌ലിം)

യഥാർത്ഥത്തിൽ പ്രാർത്ഥനകൾ അല്ലാഹുവോട് മാത്രമേ പാടുള്ളു. അല്ലാഹു പറഞ്ഞു:

( وَادْعُوهُ مُخْلِصِينَ لَهُ الدِّينَ ) ( الأعراف : 29 )

'കീഴ്‌വണക്കം അവന് മാത്രമാക്കി കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുവീൻ' (അഅ്റാഫ്: 29)

( وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ) ( الجن : 18)

'പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്. (ജിന്ന്: 18)

3. ബഖീഇലെയും ഉഹ്ദിലെയും സ്വഹാബിമാരുടെ ഖബ്റുകൾ സന്ദർശിക്കുമ്പോൾ പരലോക ചിന്തയുണ്ടാക്കാനും ഖബ്റാളികൾക്കു വേണ്ടി പ്രാർത്ഥിക്കാനുമാണ് ഖബർ സന്ദർശനം നിശ്ചയിച്ചിരിക്കുന്നത് എന്നത് ഓർക്കണം. അവിടെ വെച്ച് ദുഖപ്രകടനങ്ങൾ നടത്തുകയോ വിധിയെ പഴിക്കുകയോ ചെയ്യുന്നത് സൂക്ഷിക്കണം. അപ്രകാരം തന്നെ ശിർക്കായിത്തീരാൻ സാധ്യതയുള്ള– അവിടെ വെച്ച് നമസ്കരിക്കുക, ഖുർആൻ ഓതുക, തിരികത്തിച്ചു വെക്കുക, പ്രാർത്ഥനകളും അപേക്ഷകളും എഴുതി സമർപ്പിക്കുക, അവിടുത്തെ പ്രാർത്ഥനക്ക് പ്രത്യേകത കൽപിക്കുക– തുടങ്ങിയ കാര്യങ്ങളും കരുതിയിരിക്കേണ്ടതാണ്. നബി(ﷺ) പറഞ്ഞത് കാണുക:

( أَلَا وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدَ, أَلَا فَلَا تَتَّخِذُوا الْقُبُورَ مَسَاجِدَ، إِنِّي أَنْهَاكُمْ عَنْ ذَلِكَ ) ( مسلم )
നിങ്ങളുടെ പൂർവികന്മാർ അവരുടെ പ്രവാചകന്മാരുടേയും പുണ്യവാളന്മാരുടേയും ഖബറിടങ്ങളെ ആരാധനാ സ്ഥലങ്ങളാക്കി മാറ്റി. അതിനാൽ നിങ്ങൾ ഖബറുകളെ ആരാധനാസ്ഥലങ്ങളാക്കരുതെന്ന് ഞാൻ ശക്തമായി അത് വിരോധിക്കുകയാണ്. (മുസ്‌ലിം)

*********

## പ്രവാചക സ്നേഹം

അബ്ദുല്ലയുടെ പുത്രൻ മുഹമ്മദ് നബി(ﷺ)യെ മുഴുവൻ മനുഷ്യരിലേക്കുമുള്ള തന്റെ ദൂതനായിട്ടാണ് അല്ലാഹു നിയോഗിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നിയോഗത്തോടെ പ്രവാചകത്വത്തിനും പരിസമാപ്തി കുറിച്ചിരിക്കയാണ്. അല്ലാഹു പറഞ്ഞു:

( قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا ) ( الأعراف : 158 )

'പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. (അഅ്റാഫ്: 158)

ലോകർക്കെല്ലാം കാരുണ്യമായിട്ടാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചിട്ടുള്ളത്.

( وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ ) ( الأنبياء : 107 )

'ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല' (അമ്പിയാഅ്: 107)

മാർഗദർശകനും സന്തോഷ വാർത്തയറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായിട്ടാണ് അല്ലാഹു അദ്ദേഹത്തെ അയച്ചിട്ടുള്ളത്.

( يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا ، وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُّنِيرًا ) ( الأحزاب : 45، 46 )

'നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും, സന്തോഷ വാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. (അഹ്സാബ്: 45,46)

ഏറ്റവും സമ്പൂർണ്ണ രൂപത്തിൽ തന്റെ ദൗത്യം നബി(ﷺ) നിർവ്വഹിക്കുകയും സമുദായത്തെ ഉപദേശിക്കുകയും ദൈവിക തെളിവുകൾ സ്ഥാപിക്കുകയും ചെയ്തു. ആ ദൈവദൂതനെ സ്നേഹിക്കുക എന്നത് സത്യവിശ്വാസത്തിന്റെ അതിപ്രധാനമായ ഘടകമാണ്. മതത്തിന്റെയും വിശ്വാസത്തിന്റെയും മുഴുവൻ കർമ്മങ്ങളുടെ

യും അടിസ്ഥാന ശിലയുമാണത്. അതിനാൽ ഈ ഭൂലോകത്തെ സകല വസ്തുക്കളെക്കാളും പ്രവാചകനെ സ്നേഹിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹു പറഞ്ഞു:

( قُلْ إِن كَانَ آبَاؤُكُمْ وَأَبْنَآؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَعَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسَاكِنُ تَرْضَوْنَهَا أَحَبَّ إِلَيْكُم مِّنَ اللّهِ وَرَسُولِهِ وَجِهَادٍ فِي سَبِيلِهِ فَتَرَبَّصُواْ حَتَّى يَأْتِيَ اللّهُ بِأَمْرِهِ وَاللّهُ لاَ يَهْدِي الْقَوْمَ الْفَاسِقِينَ ) ( التوبة : 24 )

'നബിയേ പറയുക, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണ കളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുകളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിലുള്ള സമരത്തേക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല. (തൗബ: 24)

നബി(ﷺ) പറഞ്ഞു:

( لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ ) ( متفق عليه )

തന്റെ മാതാപിതാക്കളെക്കാളും മക്കളെക്കാളും മുഴുവൻ മനുഷ്യരേക്കാളും ഞാൻ പ്രിയപ്പെട്ടതാകും വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല. (ബുഖാരി, മുസ്ലിം)

*********

## സത്യസന്ധമായ പ്രവാചക സ്നേഹത്തിന്റെ ചില അടയാളങ്ങളും ഫലങ്ങളും

1. ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക.

2. പ്രവാചകചര്യ മുറുകെപ്പിടിച്ച് പിന്തുടരുകയും കൽപനകൾ അനുസരിക്കുകയും ചെയ്യുക.
3. പ്രവാചകന്റെ പ്രസ്താവനകളെ സത്യപ്പെടുത്തുക.
4. പ്രവാചകചര്യയെ മുറുകെപ്പിടിച്ചും ആദരിച്ചും സംരക്ഷിച്ചും നബി(ﷺ)യെ സഹായിക്കുക.
5. മത്തതിൽ നവീന ആചാരങ്ങൾ കടത്തിക്കൂട്ടാതിരിക്കുക.
6. പ്രവാചകന്റെ മേൽ സ്വലാത്ത് ചൊല്ലുന്നത് അധികരിപ്പിക്കുക.
7. പ്രവാചകനിൽ അതിരുകവിയാതിരിക്കുക.

## സ്വഹാബിമാരുടെ ശ്രേഷ്ടതയും അവകാശങ്ങളും

ഈ സമുദായത്തിലെ ഏറ്റവും ശ്രേഷ്ടരാണ് സ്വഹാബിമാർ. മനുഷ്യരിൽ ഏറ്റവും ഉത്തമരെയാണ് തന്റെ പ്രവാചക(ﷺ)ന്റെ സഹചാരികളാകാൻ അല്ലാഹു തിരഞ്ഞെടുത്തിട്ടുള്ളത്. അവർ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. അല്ലാഹുവിന്റെ മാർഗത്തിൽ നേരിടേണ്ടി വന്ന പ്രതികൂല സാഹചര്യങ്ങളും പ്രതിബന്ധങ്ങളും കഷ്ട നഷ്ടങ്ങളും ക്ഷമയോടെ അവർ തരണം ചെയ്തു. അല്ലാഹു അവരെ തൃപ്തിപ്പെടുകയും സ്വർഗം വാഗ്ദാനം നൽകുകയും ചെയ്തു. അല്ലാഹു പറയുന്നു:

( وَالسَّابِقُونَ الأَوَّلُونَ مِنَ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَانٍ رَّضِيَ اللّهُ عَنْهُمْ وَرَضُواْ عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ ) ( التوبة : 100 )

'മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ടു വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം (തൗബ : 100)

നബി(ﷺ) പറഞ്ഞു:

(خَيْرُ النَّاسِ قَرْنِي، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ)  ( متفق عليه )

'മനുഷ്യകുലത്തിൽ ഏറ്റവും ഉത്തമർ എന്റെ തലമുറക്കാരാണ്. പിന്നീട് അതിനടുത്തുള്ളവരും പിന്നെ അതിനടുത്ത കാലക്കാരും' (ബുഖാരി, മുസ്‌ലിം)

ഒരു മുസ്‌ലിം സ്വഹാബിമാരോട് പാലിക്കേണ്ട ധാരാളം കടമകളുണ്ട്, ചിലത് താഴെ കൊടുക്കുന്നു:

1. അവരെ സ്നേഹിക്കുകയും അവർക്കു വേണ്ടി 'തർളിയത്ത്' ചൊല്ലുകയും ചെയ്യുക.
2. അവർ ഉൽകൃഷ്ടരും ശ്രേഷ്ടരുമാണെന്ന് വിശ്വസിക്കുക.
3. അവർ നീതിമാന്മാരാണെന്ന് വിശ്വസിക്കുക.
4. അവരോട് മനസ്സിൽ അപ്രീതിയുണ്ടാകാതിരിക്കുകയും അവർക്കിടയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളിൽ ചർച്ച നടത്താതിരിക്കുക യും ചെയ്യുക.
5. അവരെ അധിക്ഷേപികാതിരിക്കുകയും ഇകഴ്ത്താതിരിക്കുകയും അവരുടെ പദവിയെ കുറക്കാതിരിക്കുകയും ചെയുക.

നബി(ﷺ)യുടെ അനുചരന്മാർ മനുഷ്യരിൽ ഏറ്റവും ഉത്തമരും സത്യമതത്തിന്റെ വാഹകരുമാണ്. അവരെ അധിക്ഷേപിക്കുക എന്നത് അല്ലാഹു അവരെ ആദരിച്ചതിനേയും തൃപ്തിപ്പെട്ടതിനേയും നിഷേധിക്കലും നിരാകരിക്കലുമാണ്. മാത്രമല്ല, അതിലൂടെ പ്രവാചകനെ ദ്രോഹിക്കുകയും അവിടുന്ന് അവരുടെ കാര്യത്തിൽ നൽകിയിട്ടുള്ള വസ്വിയ്യത്തിനെ ലംഘിക്കുകയും അവർ മുഖേന പകർന്നു കിട്ടിയിട്ടുള്ള സത്യമതത്തിൽ തന്നെ സന്ദേഹമുണ്ടാക്കുകയുമാണ് ചെയ്യുന്നത്. നബി(ﷺ) പറഞ്ഞു:

( لاَ تَسُبُّوا أَصْحَابِي، فَوَالَّذِي نَفْسِي بِيَدِهِ لَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا مَا بَلَغَ مُدَّ أَحَدِهِمْ، وَلاَ نَصِيفَهُ ) ( متفق عليه )

'എന്റെ അനുചരന്മാരെ നിങ്ങൾ ഭത്സിക്കരുത്. ഉഹ്ദ് മലയോളം സ്വർണം നിങ്ങൾ ദാനം ചെയ്താലും അവരിൽ ഒരാളുടെ കൈകുമ്പിൾ ദാനത്തോടൊ അതിന്റെ പാതിയോടു പോലുമോ അത് എത്തുകയില്ല. മനുഷ്യകുലത്തിൽ ഏറ്റവും ഉത്തമർ എന്റെ തലമുറക്കാരാണ്.' (ബുഖാരി, മുസ്‌ലിം)

6. അവരുടെ കാര്യത്തിൽ അതിരു കവിയാനും പാടില്ല. ജീർണ്ണതയുടെയും അതിരുകവിയുന്നതിന്റെയും മധ്യേയുള്ളതാണ് സുരക്ഷിതമായ ഉത്തമ മാർഗം. സ്വഹാബിമാർക്ക് ദൈവിക വിശേഷണങ്ങൾ ചാർത്തിയോ പ്രവാചകത്വ അവകാശങ്ങൾ കൽപ്പിച്ചോ അവരുടെ പദവിയേക്കാൾ ഉയർത്താൻ പാടില്ല.
7. ഹാഷിം, അബ്ദുൽ മുത്വലിബ് ഗോത്രക്കാരായ അഹ്‌ലുബൈത്തിന്റെ അവകാശങ്ങൾ പരിരക്ഷിക്കണം. സത്യവിശ്വാസികളുടെ മാതാക്കളായ പ്രവാചകപത്നിമാരും അഹ്‌ലുബൈത്തിൽ പെട്ടവരാണ്. നബി(ﷺ) പറഞ്ഞു:

( أُذَكِّرُكُمُ اللهَ فِي أَهْلِ بَيْتِي ) ( مسلم )

'എന്റെ അഹ്‌ലുബൈത്തിന്റെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം' (മുസ്‌ലിം)

സ്വഹാബിമാരിൽ പെട്ടവരായ നബി കുടുംബക്കാർക്ക് പ്രവാചക(ﷺ)നെ വിശ്വസിക്കുകയും സഹവസിക്കുകയും ചെയ്ത കുടുംബക്കാരുടെ പദവിയും നാം കൽപിക്കേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ.

وصلّى الله على نبينا محمّد وآله وصحبه وسلّم

************